**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2647**      **19.03.2015** ലെ മറുപടിക്ക്

# പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരേയും ഭൂരഹിതരേയും കണ്ടെത്തുന്നതിന് പുതിയ സർവ്വേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.കെ.ബാലൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരേയും ഭൂരഹിതരേയും കണ്ടെത്തുന്നതിന് പുതിയ സർവ്വേ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരേയും ഭൂരഹിതരേയും കണ്ടെത്തുന്നത് ഉൾപ്പടെയുള്ള കാര്യങ്ങളെക്കുറിച്ച് സർവ്വേ നടത്തുവാൻ കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച വരുന്നു. |
| (ബി) | ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കുന്ന തുക എത്രയാണ്; ഈ തുക വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപാ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപാ നിരക്കിൽ 4½ ലക്ഷം രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപാ നിരക്കിൽ 6 ലക്ഷം രൂപയുമാണ് നല്കി വരുന്നത്.<br>പട്ടികജാതിയിലെ അതിദുർബ്ബല സമുദായങ്ങളിൽപ്പെട്ടവർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപ നൽകി വരുന്നു.<br>2014 ഒക്ടോബറിലാണ് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ചത്. ധനസഹായത്തുകയിൽ വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഗൃഹ നിർമ്മാണത്തിന് പട്ടികജാതി വകുപ്പ് നൽകുന്ന തുകയെത്രയാണ്; ഇന്ദിരാ ആവാസ് യോജന പ്രകാരം നൽകുന്ന തുക എത്രയാണ്; രണ്ടു പദ്ധതിയിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; ഈ തുകകൾ ഏകീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഗൃഹ നിർമ്മാണത്തിന് പട്ടികജാതി വകുപ്പ് 3 ലക്ഷം രൂപയാണ് നൽകുന്നത്. ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിനായി ഒരാൾക്ക് 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ / വാർഡ് സഭ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്നു. ഈ ലിസ്റ്റുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പത്രപരസ്യത്തിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം അനുവദിക്കുന്നു. ടി തുകകൾ ഏകീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ